പതിമൂന്നാം കേരള നിയമസഭ

പതിനാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 2645 09.07.2015 - ൽ മറുപടിക്ക്

# വാളയാർ മണ്ണുത്തി ദേശീയപാത വികസനം

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ. എ. കെ. ബാലൻ : | ശ്രീ. വി.കെ. ഇബ്രാഹിം കുഞ്ഞ് (പൊതുമരാമത്ത് വകുപ്പ് മന്ത്രി) |
| (എ) വാളയാർ മണ്ണുത്തി ദേശീയപാത വികസനം നിർമ്മാണപ്രവൃത്തികൾ ഏതുവരെയായെന്നു വിശദമാക്കുമോ; എത്ര ശതമാനം പണികൾ പൂർത്തിയായിട്ടുണ്ട്; വടക്കാഞ്ചേരി വരെ പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ നൽകുമോ ; | (എ) വാളയാർ മുതൽ വടക്കഞ്ചേരി വരെയുള്ള നാലുവരി പാതയുടെ പ്രവൃത്തി ഏതാണ്ട് പൂർത്തിയായി വരുന്നു. 53.885 കി. മീ. നാലുവരിപാത നിർമ്മിക്കേണ്ടതിൽ 48 കിലോമീറ്ററിന്റെ പണി പൂർത്തിയായിട്ടുണ്ട്. ഇതുവരെ 94% പണി പൂർത്തീകരിച്ചിട്ടുണ്ട്. ബാക്കിയുള്ള പണി നല്ല രീതിയിൽ പുരോഗമിക്കുന്നുണ്ട്. വടക്കഞ്ചേരി മുതൽ മണ്ണുത്തി വരെയുള്ള ആറുവരി പാതയുടെ നിർമ്മാണം 07.10.2014 - ൽ മാത്രമേ തുടങ്ങാനായിട്ടുള്ളൂ. ഏകദേശം 12% പണികൾ പൂർത്തീകരിച്ചിട്ടുണ്ട്. |
| (ബി) ഈ റോഡിൽ ടോൾ പിരിവ് ആരംഭിച്ചിട്ടുണ്ടോ; നിർമ്മാണ പ്രവൃത്തികൾ പൂർത്തിയാകുംമുമ്പേ ടോൾ പിരിക്കുന്നതിനെതിരെ ജനങ്ങൾ പ്രതിഷേധവുമായി | (ബി) ഈ പ്രവൃത്തിയുടെ കൺസഷൻ എഗ്രിമെന്റ് പ്രകാരം പ്രോജക്ടിന്റെ 75% പ്രവൃത്തി പൂർത്തീകരിച്ചു കഴിഞ്ഞാൽ ആ ഭാഗം ഗതാഗതത്തിന് തുറന്നു കൊടുക്കു- |

രംഗത്തുവന്നത് സർക്കാറിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ ജനങ്ങളുടെ പരാതി പരിഹരിക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ ; വിശദാംശങ്ങൾ വ്യക്തമാക്കുമോ ;

ന്നതിനും ഈ ഭാഗത്ത് ടോൾ പിരിവ് ആരംഭിക്കുന്നതിനും കൺസഷണയർ കമ്പനിക്ക് നിയമപരമായ അവകാശമുണ്ട്. ഇവിടെ ആകെയുള്ള 53.89 കി.മീറ്റർ റോഡിന്റെ 46.75 കി. മീറ്റർ ഭാഗത്തിന്റെ പ്രവൃത്തി പൂർത്തിയാക്കിയതിനാൽ കൺസഷണയർ 23.05.2015 മുതൽ ടോൾ പിരിവ് ആരംഭിക്കുകയുണ്ടായി. ഇതിനെതിരായി തദ്ദേശവാസികൾ കൺസഷൻ എഗ്രിമെന്റിന്റെ പരിധിയിൽ വരാത്ത ആവശ്യങ്ങൾ ഉന്നയിച്ച് പ്രതിഷേധം ഉയർത്തിയതിനാൽ ടോൾ പിരിവ് താൽക്കാലികമായി നിർത്തിവെക്കുകയുണ്ടായി. ഇതിനെത്തുടർന്ന് പാലക്കാട് ജില്ലാ കളക്ടർ ജനപ്രതിനിധികളുടേയും രാഷ്ട്രീയ നേതാക്കളുടേയും സാന്നിദ്ധ്യത്തിൽ പ്രതിഷേധക്കാരുമായി ചർച്ച നടത്തുകയും പൊതുജനങ്ങൾ ഉന്നയിച്ച പല ആവശ്യങ്ങളും കൺസഷൻ എഗ്രിമെന്റിന്റെ പരിധിയിൽ വരുന്നതല്ല എന്ന് പ്രതിഷേധക്കാരെ ബോധ്യപ്പെടുത്തുകയുമുണ്ടായി. കൺസഷൻ എഗ്രിമെന്റിൽ വരുന്ന ബാക്കി പ്രവൃത്തികൾ മൂന്ന് മാസത്തിനുള്ളിൽ പൂർത്തിയാക്കുന്നതാണെന്നും കൺസഷണയർ കമ്പനി അറിയിക്കുകയുണ്ടായി. തുടർന്ന് 02.06.2015 മുതൽ ടോൾ പിരിവ് പുനരാരംഭിച്ചിട്ടുണ്ട്.

(സി) ടോൾ പിരിവിനുള്ള മാനദണ്ഡങ്ങൾ, കാലാവധി, പിരിവിന്റെ നിരക്ക് എന്നിവ വ്യക്തമാക്കുമോ ;

(സി) ഇന്ത്യാ ഗവൺമെന്റിന്റെ ടോൾ ഫീ നോട്ടിഫിക്കേഷൻ പ്രകാരവും കൺസഷൻ എഗ്രിമെന്റ് പ്രകാരവുമാണ് ടോൾ പിരിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ തീരുമാനിച്ചിട്ടുള്ളത്.

2033 മെയ് മാസത്തിൽ ടോൾ പിരിവ് അവസാനിപ്പിക്കും. 46.75 കി.മീ. റോഡിന്റെ (Pampanpalam toll plaza) 31.03.2016 വരെയുള്ള ടോൾ പിരിവ് റേറ്റ് അനുബന്ധമായി ചേർക്കുന്നു.

(ഡി) നിർമ്മാണ പ്രവൃത്തികൾ, റോഡിനിരുവശത്തുമുള്ള ജനങ്ങളുടെ അസൗകര്യങ്ങൾ, മാനദണ്ഡങ്ങളുടെ ലംഘനം എന്നിവ സംബന്ധിച്ചുള്ള ആക്ഷേപങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ അതിന്മേൽ എന്ത് നടപടിയാണ് സ്വീകരിച്ചതെന്ന് വ്യക്തമാക്കുമോ ?

(ഡി) പാത നിർമ്മാണത്തിലെ അപാകതകൾ, കൺസഷൻ എഗ്രിമെന്റിലെ നിബന്ധനകൾക്കുള്ളിൽ നിന്നുകൊണ്ട് പരിഹരിക്കുവാനും നിർമ്മാണ പ്രവൃത്തികൾ മൂലമുള്ള ജനങ്ങളുടെ അസൗകര്യങ്ങൾ പരമാവധി കുറയ്ക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതിനും കരാർ ഏറ്റെടുത്ത കമ്പനിക്കും നാഷണൽ ഹൈവേ അതോറിറ്റിക്കും ആവശ്യമായ നിർദ്ദേശങ്ങൾ നൽകുന്നതാണ്.

സെക്ഷൻ ഓഫീസർ

## അനുബന്ധം

| Category of Vehicles | Fee for single Journey | Fee for Return Journey within a day | Fee for Monthly pass valid for 50 Journeys |
|---|---|---|---|
| Car, Jeep, Van or Light Vehicles. | 45 | 70 | 1560 |
| Light Commercial Vehicles, Light Goods Vehicles or Mini Bus | 75 | 115 | 2520 |
| Bus or Truck (Two Axle) | 160 | 240 | 5280 |
| Heavy Construction Machinery (HCM) or Earth Moving Equipment (EME) or Multi Axle Vehicle (3 to 6 Axles) | 250 | 370 | 8275 |
| Over sized Vehicles ( 7 or more Axles) | 300 | 455 | 10075 |

The rate for monthly pass applicable for local non – commercial vehicles of those who residing within a distance of 20 Km from the Toll Plaza shall be Rs. 230/-.

സെക്ഷൻ ഓഫീസർ